**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1385** **01-02-2024 - ൽ മറുപടിയ്ക്ക്**

**മലമ്പുഴ മണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ജി. വി. എച്ച്. എസ്. എസ് കെട്ടിട നിർമ്മാണം, പുതിപ്പരിയാരം സി.ബി.കെ.എം.ജി. എച്ച്.എസ്.എസ് കെട്ടിട നിർമ്മാണം എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ കഞ്ചിക്കോട് ജി. വി. എച്ച്. എസ്. എസ് സ്കൂളിന്റെ DPR തയ്യാറാക്കിയത് കിഫ്ബി അംഗീകരിച്ചു. തുടർന്ന് സാങ്കേതിക അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും ചില ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ട് കിഫ്ബി മടക്കി നൽകിയിരുന്നു. ആയത് പരിശോധിച്ച് ആവശ്യമായ ഭേദഗതി കളോടെ കിഫ്ബിയുടെ അനുമതിക്കായി വീണ്ടും സമർപ്പിച്ചിട്ടുണ്ട്.<br><br>പുതിപ്പരിയാരം സി.ബി.കെ.എം.ജി. എച്ച്. എസ്. എസ് സ്കൂളിന്റെ DPR തയ്യാറാക്കിയത് കിഫ്ബി അംഗീകരിച്ചു. സാങ്കേതിക അനുമതിയും Project Execution Documentന്റെ അംഗീകാരവും കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ രണ്ട് സ്കൂളുകൾക്കും അനുവദിച്ച തുക, പ്രവൃത്തി നടത്തുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | കഞ്ചിക്കോട് ജി.വി.എച്ച്.എസ്.എസ് സ്കൂളിന് 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു. പുതുക്കിയ നിരക്ക് പ്രകാരം 3.90 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർവ്വഹണ ഏജൻസിയായി കിലയെയാണ് ചുമതലപ്പെടുത്തിയത്.<br><br>പുതിപ്പരിയാരം സി.ബി.കെ.എം.ജി. എച്ച്. എസ്. എസ് സ്കൂളിന് 1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിരുന്നു. നിർവ്വഹണ ഏജൻസിയായി കില- യെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ